# <u>വകുപ്പുതല പരീക്ഷ (ഡിപ്പാർട്ട്മെന്റൽ ടെസ്റ്റ്) (OMR)</u>
# <u>പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ</u>

1. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന വകുപ്പുതല പരീക്ഷകളിൽ (2020 ജൂലൈ) (Departmental Tests) Account Test (Lower), Account Test (Higher), Account Test (Lower) for the Mnisterial & Executive Staff of KSEBL - I & II paper, Kerala Municipal Test - Paper I, Account Test (Higher) Part I Paper II (for those who working in PWD and KSEBL also), Account Test Higher Part II Paper I & II (test for those working in KSEBL), Account Test (Higher) Part II - I & II Paper (Test for those working in PWD also) എന്നീ പരീക്ഷകൾ ഒബ്ജക്റ്റീവ് Type (OMR മൂല്യനിർണ്ണയം) രീതിയിലായിരിക്കും.

2. കോവിഡ്-19 സാഹചര്യത്തിൽ ക്വാറന്റൈയിനിലുള്ള പരീക്ഷാർത്ഥികൾ സത്യവാങ്മൂലം ചീഫ് സൂപ്രണ്ടിന് സമർപ്പിക്കുന്നപക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. എല്ലാ പരീക്ഷാർത്ഥികളും നിർബ്ബന്ധമായും കോവിഡ് പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്.

3. പരീക്ഷയ്ക്ക് ഹാജരാകാനുള്ള സമയം രാവിലെ 9.30 ഉം തുടർന്ന്, ഉത്തരമെഴുതി തുടങ്ങുന്ന സമയം രാവിലെ 10.00 മണി മുതലുമാണ്. വകുപ്പുതല പരീക്ഷകളിൽ 17.11.202, 07.12. 2020 തീയതികളിൽ നടക്കുന്ന KSR (Lower), KSR (Higher) എന്നീ പരീക്ഷകൾക്ക് രണ്ട് മണിക്കൂറും (രാവിലെ 10.00 മുതൽ 12.00 വരെ) മറ്റു പരീക്ഷകൾക്ക് ഒന്നര മണിക്കൂറും (രാവിലെ 10.00 മുതൽ 11.30 വരെ) ആയിരിക്കും സമയക്രമം. പരീക്ഷയ്ക്ക് അരമണിക്കൂർ മുൻപ് (രാവിലെ 9.30 മണിയ്ക്ക്) പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ ഹാജരാകേണ്ടതാണ്. 9.30 മുതൽ 10 മണി വരെ സമയം അഡ്മിഷൻ ടിക്കറ്റ് പരിശോധന, Identity ഉറപ്പു വരുത്തൽ, OMR sheet വിതരണം തുടങ്ങി preparatory സമയമാണ്. **രാവിലെ <u>10.00 മണിക്ക് പരീക്ഷ തുടങ്ങിയതിനു ശേഷം ഒരു മിനിറ്റു പോലും വൈകി വരുന്ന പരീക്ഷാർത്ഥികളെ പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല</u>.** പരീക്ഷ ആരംഭിച്ച ശേഷം പരീക്ഷ അവസാനിക്കുന്നതിനുമുമ്പ് ഒരു കാരണവശാലും പരീക്ഷാഹാളിനു പുറത്തു പോകാൻ അനുവാദമില്ല.

4. പരീക്ഷാർത്ഥികൾ തങ്ങളുടെ പ്രൊഫൈലിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന അഡ്മിഷൻ ടിക്കറ്റിൽ പി.എസ്.സി മുദ്രയുടെ പ്രിന്റ് ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം അവരുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.

5. പരീക്ഷാർത്ഥികൾ പ്രൊഫൈലിൽ ലഭ്യമായ പരീക്ഷാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ നിർബ്ബന്ധമായും പാലിക്കേണ്ടതാണ്.

**പരീക്ഷാർത്ഥികൾ അഡ്മിഷൻ ടിക്കറ്റ്** (ഓഫീസ് മേധാവി യഥാവിധി സാക്ഷ്യപ്പെടുത്തിയത്) **പരീക്ഷാഹാളിൽ ഹാജരാക്കേണ്ടതും, പരിശോധനയ്ക്ക് നൽകി തിരികെ കൈപ്പറ്റേണ്ടതുമാണ്.** അഡ്മിഷൻ ടിക്കറ്റ് (ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്) ഹാജരാക്കാത്തപക്ഷം പരീക്ഷാഹാളിൽ പ്രവേശിപ്പിക്കുന്നതല്ല.

6. അഡ്മിഷൻ ടിക്കറ്റിൽ ഫോട്ടോയ്ക്ക് താഴെ നല്കിയിരിക്കുന്ന സ്ഥലത്ത് പരീക്ഷാർത്ഥി ഒപ്പ് രേഖപ്പെടുത്തേണ്ടതാണ്.

7. **പരീക്ഷാർത്ഥിയുടെ അഡ്മിഷൻ ടിക്കറ്റ് ഓഫീസ് മേലധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. പരീക്ഷാർത്ഥിയുടെ ഒപ്പ്, ഫോട്ടോ, പേര് എന്നിവയും Free chance അവകാശപ്പെട്ടിട്ടുണ്ടോ എന്നതും പരിശോധിച്ച് മേലധികാരി ബന്ധപ്പെട്ട കോളങ്ങളിൽ ☑ മാർക്ക് ചെയ്യുവെന്നും ഓഫീസ് മുദ്രയോടൊപ്പം സാക്ഷ്യപ്പെടുത്തുന്ന മേലധികാരിയുടേ ഒപ്പ്, പേര് തസ്തികയുടെ പേര് എന്നിവയോരോന്നും വ്യക്തമായിത്തന്നെ അഡ്മിഷൻ ടിക്കറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. ആഫീസ് സീൽ ഔദ്യോഗിക പദവിയ്ക്ക് തെളിവായി സ്വീകരിക്കപ്പെടുന്നതല്ല. അപേക്ഷകൻ തന്നെ ഓഫീസ് മേധാവിയാണെങ്കിൽ അദ്ദേഹത്തിൻെറ മേലധികാരിയുടെ മേലൊപ്പ് ആണ് വാങ്ങേണ്ടത്. ഇവയിലേതെങ്കിലുമൊന്ന് വിട്ടുപോകുന്നതിനാലും അപൂർണ്ണമോ, അവ്യക്തമോ ആയ സാക്ഷ്യപ്പെടുത്തലുകൾ കാരണമായും പരീക്ഷാർത്ഥികൾക്ക് പരീക്ഷയെഴുതുവാനുള്ള**

**അവസരം നഷ്ടമാവുകയോ, പരീക്ഷയെഴുതിയ പേപ്പർ അസാധുവാക്കപ്പെടുകയോ ചെയ്യുന്നതാണ്.** വകുപ്പുതല പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റ് കോവിഡ് 19 വ്യാപകമായ സാഹചര്യത്തിൽ അതത് മേലധികാരികളെക്കൊണ്ട് സാക്ഷ്യപ്പെടുത്തുവാൻ സാധിക്കാത്ത പരീക്ഷാർത്ഥികൾ, അവരുടെ അഡ്മിഷൻ ടിക്കറ്റ് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി ആധാർ കാർഡ് കൂടി പരീക്ഷാ കേന്ദ്രത്തിൽ ഹാജരാക്കുന്ന പക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. ഈ ആനുകൂല്യം ജൂലൈ 2020-ലെ പരീക്ഷയ്ക്ക് മാത്രം ബാധകമാണ്.

8. A,B,C,D എന്നീ നാല് ആൽഫാ കോഡുകളിലുള്ള OMR ഉത്തരക്കടലാസും ചോദ്യ പുസ്തകവുമായിരിക്കും വിതരണം ചെയ്യുക.

9. ഓരോ പരീക്ഷാർത്ഥിയും പരീക്ഷാഹാളിലെ അവരവരുടെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ആൽഫാകോഡു പ്രകാരം OMR ഉത്തരക്കടലാസും, ചോദ്യപുസ്തകവും കൈപ്പറ്റേണ്ടതാണ്.

10. ഉത്തരക്കടലാസിൽ Part A, Part B എന്നീ രണ്ടു ഭാഗങ്ങളുണ്ടായിരിക്കും.

11. Part A യിൽ രജിസ്റ്റർ നമ്പർ, Paper Code (അഡ്മിഷൻ ടിക്കറ്റിലുള്ളതു പോലെ) എന്നിവ നിശ്ചിത കോളത്തിൽ എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും വേണം. കൂടാതെ പരീക്ഷാതീയതി, പേപ്പറിന്റെ പേര് എന്നിവയും രേഖപ്പെടുത്തേണ്ടതാണ്. **അല്ലാത്തപക്ഷം ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.**

12. OMR ഷീറ്റിന്റെ Part B ഉത്തരമെഴുതാനുള്ള ഭാഗമാണ്. അതിൽ പേപ്പർ കോഡ് നിശ്ചിത സ്ഥലത്ത് എഴുതുകയും ബന്ധപ്പെട്ട കുമിളകൾ കറുപ്പിക്കുകയും വേണം. അല്ലാത്തപക്ഷം ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്

13. **ചോദ്യപുസ്തകത്തിന്റെ മുൻപേജിൽ മുകൾഭാഗത്ത് പരീക്ഷാർത്ഥികൾ അവരവരുടെ പേര്, രജിസ്റ്റർനമ്പർ, ഒപ്പ് എന്നിവ രേഖപ്പെടുത്തേണ്ടതാണ്. പരീക്ഷാസമയത്ത് ചോദ്യ പുസ്തകത്തിൻെറ അവസാനഭാഗത്ത് അനുവദിക്കപ്പെട്ട Space for rough work പേജിൽ അല്ലാതെ ചോദ്യപുസ്തകത്തിൻെറ മറ്റു ഭാഗങ്ങളിൽ അടയാളപ്പെടുത്തലുകൾ ഒഴിവാക്കുക. നിർദ്ദേശങ്ങൾ പാലിക്കാത്തവരെ പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതല്ല.**

14. **ചോദ്യപുസ്തകത്തിൽ അടയാളപ്പെടുത്തലുകൾ വരുത്തി പരസ്പരം കൈമാറ്റം ചെയ്യാൻ പാടില്ല. അപ്രകാരം പ്രവർത്തിക്കുന്നവരുടെ ഉത്തരക്കടലാസ് അസാധുവാക്കുന്നതാണ്.**

15. ചോദ്യപുസ്തകത്തിൽ ശരിയുത്തരം ഉൾപ്പെടെ ഓരോ ചോദ്യത്തിനും (A), (B), (C), (D) എന്ന നാല് ഉത്തരസൂചനകൾ തന്നിരിക്കും. അവയിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്ത് OMR ഉത്തരക്കടലാസിൽ Part B യിൽ ബന്ധപ്പെട്ട ചോദ്യനമ്പരിനു നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ, കറുപ്പോ ബോൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കേണ്ടതാണ്.

16. ഓരോ പേപ്പറിന്റേയും പരമാവധി മാർക്ക് 100 ഉം വിജയിക്കുന്നതിനുള്ള കുറഞ്ഞ മാർക്ക് 40% ഉം ആയിരിക്കും. നെഗറ്റീവ് മാർക്ക് ബാധകമാണ്. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല. ഓരോ ശരിയുത്തരത്തിനും 1 മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും ⅓ മാർക്ക് നഷ്ടമാവുകയും ചെയ്യും.

17. സ്ഥലംമാറ്റം/ട്രെയിനിംഗ് എന്നിവ മൂലം പരീക്ഷാ കേന്ദ്രത്തിൽ മാറ്റം ആഗ്രഹിക്കുന്നവർ ബന്ധപ്പെട്ട ഉത്തരവ് സഹിതം ജോയിന്റ് സെക്രട്ടറി, ഡിപ്പാർട്ട്മെന്റൽ പരീക്ഷാ വിഭാഗം, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം-4 എന്ന മേൽവിലാസത്തിൽ 12.11.2020 നകം അപേക്ഷ നൽകേണ്ടതാണ്.

18. <u>അഡ്മിഷൻ ടിക്കറ്റിലോ ഉത്തരക്കടലാസിലോ ന്യൂനതയുള്ള പക്ഷം അത്തരം പരീക്ഷാർത്ഥികളുടെ ഉത്തരക്കടലാസുകൾ Invalidate ചെയ്യുന്നതായിരിക്കും.</u>

19. കമ്മീഷന്റെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി കുറിപ്പുകൾ, അംഗീകാരമില്ലാത്ത പുസ്തകങ്ങൾ, ഗൈഡുകൾ, മൊബൈൽ ഫോൺ, ഡിജിറ്റൽ ഡയറി, കാൽക്കുലേറ്റർ, പേജർ, ബ്ലൂടൂത്ത്, വാക്ക്മാൻ, സ്മാർട്ട്വാച്ച് തുടങ്ങിയ ഇലക്ട്രോണിക്/വാർത്താവിനിമയ ഉപകരണങ്ങൾ എന്നിവ പരീക്ഷാകേന്ദ്രത്തിൽ അനുവദിക്കുന്നതല്ല. **<u>പരീക്ഷാജോലിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് അപമര്യാദയായി പെരുമാറുന്നവരുടെ ഉത്തരക്കടലാസുകൾ അസാധുവാക്കുന്നതും അവർക്കെതിരെ കമ്മീഷൻ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.</u>**

പരീക്ഷാ സമയം അവസാനിയ്ക്കുമ്പോൾ, OMR ഷീറ്റിന്റെ A,B ഭാഗങ്ങൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപിച്ചശേഷം മാത്രമേ പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ നിന്നും പുറത്തുപോകാൻ പാടുള്ളൂ

**നിർദ്ദേശങ്ങൾ പരീക്ഷാർത്ഥികൾ കർശനമായി പാലിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന വരുടെ പേരിൽ വകുപ്പുതലപരീക്ഷകളിൽ നിന്നും ഡീബാർ ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.**

20. (1) വകുപ്പുതല പരീക്ഷയ്ക്ക് സർക്കാർ പ്രസിദ്ധീകരണങ്ങൾ അല്ലാതെ ഉപയോഗിക്കാവുന്ന പുസ്തകങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള പരീക്ഷാ ടൈംടേബിളിലും പരീക്ഷാർത്ഥിയുടെ പ്രൊഫൈലിലും നൽകിയിട്ടുണ്ട്.

(2) 2020 ജൂലൈയിലെ വകുപ്പുതല ഒ.എം.ആർ പരീക്ഷയ്ക്ക് ഉപയോഗിക്കാവുന്ന സർക്കാർ ഇതര പ്രസിദ്ധീകരണങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| Account Test (Higher) Part II - Paper I (Introduction) | The Constitution of India (Bare Act) (should not be a guide or treatise) | Any Private Publication |

(3) കേരള സർവ്വീസ് റൂൾസ് എന്ന പേപ്പറിന്റെ പരീക്ഷകൾക്ക് Pay Revision Orders 2014 - G.O(P) No. 7/2016/Fin dated 20.01.2016ന്റെ ഡൗൺലോഡഡ് കോപ്പികൾ (ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയത്) ഉപയോഗിച്ച് പരീക്ഷയെഴുതാൻ അനുവദിക്കുന്നതാണ്.

**<u>കോവിഡ് - 19</u>**

**<u>പരീക്ഷാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ</u>**

- ❖ കോവിഡ്-19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡങ്ങളും സുരക്ഷാക്രമീകരണങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ നടത്തിപ്പിലും ബാധകമായിരിക്കും. പരീക്ഷാർത്ഥികൾ ആരോഗ്യവകുപ്പ് പുറത്തിറക്കിയ സുരക്ഷാനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- ❖ പരീക്ഷാർത്ഥികൾ നിർബ്ബന്ധമായും തെർമൽ സ്കാനിംഗിന് വിധേയരാകേണ്ടതാണ്.
- ❖ പരീക്ഷാർത്ഥികൾ സാമൂഹിക അകലം പാലിക്കേണ്ടതും മാസ്ക് ധരിക്കേണ്ടതുമാണ്.
- ❖ ക്വാറന്റൈയിനിൽ കഴിയുന്ന പരീക്ഷാർത്ഥികൾ സത്യവാങ്മൂലം ചീഫ്

സൂപ്രണ്ടിന് സമർപ്പിക്കുന്ന പക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. ടി പരീക്ഷാർത്ഥികൾക്കായി പ്രത്യേക മുറി സജ്ജമാക്കുന്നതാണ്. ടി പരീക്ഷാർത്ഥികൾ ചീഫ് സൂപ്രണ്ടിന്റെ നിർദ്ദേശം പാലിച്ചുകൊണ്ട് പരീക്ഷ എഴുതുവാൻ സന്നദ്ധരാകേണ്ടതാണ്.

- പരീക്ഷാർത്ഥികൾക്ക് ഇടയ്ക്കിടെ കൈകൾ sanitize ചെയ്യുന്നതിന് ചെറിയ സാനിറ്റൈസർ (Transparent Bottle) പരീക്ഷാ ഹാളിൽ കൊണ്ടുവരാവുന്നതാണ്.
- പരീക്ഷയ്ക്ക് മുമ്പും പരീക്ഷ കഴിഞ്ഞും കൂട്ടം കൂടാതിരിക്കുവാൻ പരീക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.
- നിലവിലുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പരീക്ഷാർത്ഥികൾക്ക് സുതാര്യമായ bottle-ൽ കുടിവെള്ളം കൊണ്ടുവരാൻ അനുവദിക്കുന്നതാണ്.

***